# സ്വർഗലബ്ധിക്ക് ഇത് മതിയോ?

عَنْ جَابِرٍ أَنَّ رَجُلًا سَأَلَ رَسُولَ اللَّهِ ﷺ أَرَأَيْتَ إِذَا صَلَّيْتُ الصَّلَوَاتِ الْمَكْتُوبَاتِ وَصُمْتُ رَمَضَانَ وَأَحْلَلْتُ الْحَلَالَ وَحَرَّمْتُ الْحَرَامَ وَلَمْ أَزِدْ عَلَى ذَلِكَ شَيْئًا أَأَدْخُلُ الْجَنَّةَ؟ قَالَ نَعَمْ (بخاری و مسلم)

**ജാബിറിൽനിന്നു നിവേദനം: ഒരാൾ നബി (സ)യോട് ചോദിച്ചു: "അങ്ങ് എന്തുപറയുന്നു, ഞാൻ നിർബന്ധ നമസ്കാരങ്ങൾ നമസ്കരിക്കുകയും റമദാനിൽ വ്രതമനുഷ്ഠിക്കുകയും അനുവദനീയ കാര്യങ്ങളെ അനുവദനീയവും നിഷിദ്ധകാര്യങ്ങളെ നിഷിദ്ധവുമാക്കുകയും ചെയ്താൽ അതിൽ കൂടുതലൊന്നും ചെയ്തില്ലെങ്കിലും ഞാൻ സ്വർഗത്തിൽ കടക്കുമോ?" തിരുമേനി പറഞ്ഞു: "അതെ."**

ഒരുവശത്ത് ഇസ്‌ലാമിന്റെ ലാളിത്യത്തിനുള്ള ഉദാഹരണവും മറുവശത്ത് പ്രബോധകൻ പാലിക്കേണ്ട യുക്തിദീക്ഷയുടെ മാതൃകയുമാണ് ഈ ഹദീസ്.

പ്രവാചകസന്നിധിയിൽ പലതരത്തിലുള്ള ആളുകൾ വരാറുണ്ടായിരുന്നു. അറബികളും അനറബികളും അപരിഷ്കൃതരും നാഗരികരും പണ്ഡിതരും പാമരരും ധനികരും ദരിദ്രരുമെല്ലാം. അവിടുന്ന് എല്ലാവർക്കും ഇസ്‌ലാമിന്റെ ആദർശങ്ങൾ പ്രബോധനം ചെയ്തുകൊണ്ടിരുന്നു. ചിലർ അതിനെ അപ്പോൾതന്നെ സർവാത്മനാ സ്വീകരിച്ചു. ചിലർ നിഷേധിച്ചു. ചിലർ തള്ളണോ കൊള്ളണോ എന്ന് പിന്നീട് തീരുമാനിക്കാമെന്ന് നിശ്ചയിച്ചു. ചിലർ സന്ദേശം കൊള്ളാം, സ്വീകരിക്കേണ്ടതുതന്നെ; പക്ഷേ, അത് സ്വീകരിക്കുന്നതിനെത്തുടർന്നുണ്ടാകുന്ന ഉത്തരവാദിത്വങ്ങളും കർത്തവ്യങ്ങളും മുഴുവനായി ഏറ്റെടുക്കാനൊന്നും കഴിയില്ല എന്ന നിലപാടുകാരായിരുന്നു. വന്നവരിൽ ചിലർ, ഇന്നയിന്നതൊക്കെ ചെയ്താൽ മുസ്‌ലിമായ ഗുണം കിട്ടുമോ എന്ന് നബി(സ)യോട് ചോദിക്കാറുണ്ടായിരുന്നു. അത്തരക്കാരിലൊരാളുടെ ചോദ്യത്തെ നബി (സ) നേരിട്ടതാണ് ഈ ഹദീസ്.

നമസ്കാരവും നോമ്പും അനുഷ്ഠിക്കാം; ഹിതാഹിതങ്ങൾ പാലിക്കാം; അതിലപ്പുറമൊന്നും ചെയ്യാനാവില്ല; എങ്കിൽ സ്വർഗപ്രവേശം സാധ്യമാകുമോ എന്ന ചോദ്യത്തിന് 'സാധ്യമാകും' എന്നാണ് പ്രവാചകന്റെ ഉത്തരം. എന്നുവെച്ചാൽ സകാത്ത് കൊടുക്കാതിരിക്കുന്നതോ ഹജ്ജ് ചെയ്യാതിരിക്കുന്നതോ ഒന്നും അയാളുടെ സ്വർഗപ്രവേശത്തിനു തടസ്സമാവില്ലെന്ന്. ഒരാൾ ദീനുൽഇസ്‌ലാമിനെ എത്രത്തോളം ഉൾക്കൊണ്ടുവോ അത്രത്തോളം മുസ്‌ലിമായി ജീവിച്ചാൽ അയാൾക്ക് അതിന്റെ നേട്ടമുണ്ടാകും. അതുകൊണ്ട് അയാൾ ഉൾക്കൊണ്ടത്ര മുസ്‌ലിമായിരിക്കാൻ അയാളെ പ്രോത്സാഹിപ്പിക്കുകയാണ്. കാരണം ഒരാൾ അണുഅളവെങ്കിലും നന്മ ചെയ്തിട്ടുണ്ടെങ്കിൽ പരലോകത്ത് അതിന്റെ പ്രതിഫലം കിട്ടും. അണുഅളവ് തിന്മ ചെയ്തവന് അതിന്റെ ശിക്ഷയും കിട്ടും. ഇസ്‌ലാമിലേക്ക് കടന്നുവരുന്ന ഒരാളോട് അതിന്റെ എല്ലാ നിയമനിർദേശങ്ങളും ഉത്തരവാദിത്വങ്ങളും ഉടനടി സമ്പൂർണമായി ഏറ്റെടുക്കണമെന്ന് നിർബന്ധിച്ച് ഭയപ്പെടുത്തുകയും മടുപ്പിക്കുകയും ചെയ്തുകൂടാ. ഒരു മുസ്‌ലിം എല്ലാ ഇസ്‌ലാമികനിയമങ്ങളും പെട്ടെന്നുതന്നെ കണിശമായി അനുഷ്ഠിച്ചുകൊള്ളണമെന്ന് ശഠിക്കുകയും എന്തെങ്കിലും വീഴ്ച കാണുമ്പോഴേക്കും അയാളുടെ വിശ്വാസത്തെ സംശയിക്കുകയും ചെയ്യുന്ന പ്രവണത തികച്ചും അനാശാസ്യമാണ്. ഇവിടെ, നമസ്കരിക്കുകയും നോമ്പനുഷ്ഠിക്കുകയും വിധിവിലക്കുകൾ പാലിക്കുകയും ചെയ്താൽ, മറ്റൊന്നും ചെയ്തില്ലെങ്കിലും സ്വർഗം കിട്ടുമെന്ന് തിരുമേനി പറഞ്ഞതിനർഥം, അത്രയും കർമങ്ങൾക്ക് അർഹിക്കുന്ന പ്രതിഫലം കിട്ടും എന്നാണ്. അല്ലാതെ സകാത്ത്, ഹജ്ജ് പോലുള്ള കർമങ്ങൾ സ്വർഗലബ്ധിക്ക് ആവശ്യമില്ലെന്നോ മനഃപൂർവം അവ ഉപേക്ഷിച്ചാൽ ശിക്ഷയില്ലെന്നോ അല്ല.

സകാത്ത്, ഹജ്ജ് പോലുള്ള മറ്റു സൽക്കർമങ്ങളെക്കുറിച്ച് തിരുമേനി എന്തുകൊണ്ട് അയാളെ ഉണർത്തിയില്ല? ഈ ചോദ്യത്തിന് പണ്ഡിതന്മാർ രണ്ടുതരത്തിൽ മറുപടി പറഞ്ഞിട്ടുണ്ട്: ഒന്ന്, ഈ സംഭവം നടക്കുന്ന കാലത്ത് ഹജ്ജും സകാത്തും നിർബന്ധ ബാധ്യതകളായി നിശ്ചയിക്കപ്പെട്ടിട്ടുണ്ടായിരിക്കില്ല. രണ്ട്, ഈ ചോദ്യകർത്താവിന് സകാത്ത് കൊടുക്കാനും ഹജ്ജ് ചെയ്യാനും ആവശ്യമായ സാമ്പത്തികശേഷിയും ആരോഗ്യവുമില്ലെന്ന് നബി (സ) മനസ്സിലാക്കിയിരിക്കും. ഈ രണ്ട് മറുപടികളും ബാലിശങ്ങളായിട്ടാണ് തോന്നുന്നത്.

പ്രവാചകനെപ്പോലെ സമർഥനായ ഒരു പ്രബോധകനിൽനിന്ന് പ്രതീക്ഷിക്കേണ്ട ഔചിത്യബോധവും യുക്തിദീക്ഷയും പരിഗണിച്ചുകൊണ്ട് ചിന്തിച്ചാൽ ഇതിന്റെ ലളിതമായ വിശദീകരണം നമുക്ക് ലഭിക്കുന്നതാണ്. ആ നവാഗതൻ ഏറ്റെടുക്കാൻ സ്വയം സന്നദ്ധനായ കർമങ്ങ

ളിൽ കൂടുതലൊന്നും അയാളിൽ വെച്ചുകെട്ടുന്നത് ഉചിതമല്ലെന്ന് തിരുമേനിക്ക് തോന്നി. സ്വയം ഉൾക്കൊള്ളാത്ത കർത്തവ്യങ്ങൾ ചുമത്തിയാൽ ഒരുപക്ഷേ, ഇസ്‌ലാം തനിക്ക് ദുർവഹമാണ് എന്ന് തീരുമാനിക്കുകയായിരിക്കും ആ സന്ദർഭത്തിൽ അയാൾ ചെയ്യുക. നമസ്കാരവും വ്രതാനുഷ്ഠാനവും അതിമഹത്തായ കർമങ്ങളാണ്. സ്വയംപ്രേരിതനായി അവ നിർവഹിക്കുകയും ഹിതാഹിതങ്ങൾ മാനിക്കുകയും ചെയ്യുന്ന ഒരാൾ ക്രമേണ ഇസ്‌ലാമിന്റെ എല്ലാ ബാധ്യതകളും ഏറ്റെടുക്കാൻ സ്വയം സന്നദ്ധനായിക്കൊള്ളും. ഭക്തിപൂർവമുള്ള നമസ്കാരം മനുഷ്യനെ തിന്മകളിൽനിന്നും നീചവൃത്തികളിൽനിന്നും അകറ്റുമെന്ന് ഖുർആൻ പറയുന്നുണ്ട്. വ്രതാനുഷ്ഠാനം അയാളിൽ ആത്മസംസ്കരണവും ത്യാഗബോധവും വളർത്തുന്നു. അല്ലാഹുവിന്റെ വിധിവിലക്കുകൾ മാനിക്കാൻ അയാൾ നേരത്തേതന്നെ പ്രതിജ്ഞാബദ്ധനുമാണ്. ഇങ്ങനെയുള്ള ഒരാൾക്ക് ഏറെക്കാലം തന്റെ ഇസ്‌ലാമിനെ നമസ്കാരത്തിലും വ്രതാനുഷ്ഠാനത്തിലും പരിമിതമാക്കി മറ്റു ബാധ്യതകളിൽനിന്നെല്ലാം ഒഴിഞ്ഞുനിൽക്കാനാവില്ല. ഇതാണ് ആ ചോദ്യകർത്താവിന് നബി (സ) നൽകിയ ഉത്തരത്തിന്റെ പൊരുൾ. മറ്റു പലർക്കും നബി (സ) ഈ രീതിയിൽ ഇസ്‌ലാമിനെ പരിചയപ്പെടുത്തിയ ഉദാഹരണങ്ങൾ ഹദീസ് ഗ്രന്ഥങ്ങളിൽ കാണാം. 'ലാ ഇലാഹ ഇല്ലല്ലാഹ് എന്നു പറഞ്ഞവൻ സ്വർഗത്തിൽ കടന്നു' എന്നുവരെ ചില സന്ദർഭങ്ങളിൽ തിരുമേനി പ്രസ്താവിച്ചിട്ടുണ്ട്. ലളിതമായ അധ്യാപനങ്ങളിലൂടെ വിശ്വാസികളെ വളർത്തിക്കൊണ്ടുവരുന്ന രീതിയുടെ ഭാഗമാണത്.

ഒരിക്കൽ ഒരു മോഷ്ടാവ് നബി(സ)യെ സമീപിച്ചു. താൻ നന്നാവാനാഗ്രഹിക്കുന്നതായി അറിയിച്ചു. തിരുമേനി അയാൾക്ക് ഒരൊറ്റ ഉപദേശമേ നൽകിയുള്ളൂ: "നിങ്ങൾ നുണ പറയരുത്." അയാൾ ആ ഉപദേശം പാലിക്കുമെന്ന് പ്രതിജ്ഞ ചെയ്ത് തിരിച്ചുപോയി. പിന്നീടൊരിക്കലും അയാൾക്ക് മോഷണം നടത്താൻ കഴിഞ്ഞില്ല. അയാളിലെ മോഷ്ടാവ് ഉണരുമ്പോഴൊക്കെ മനസ്സാക്ഷി അയാളെ താക്കീതു ചെയ്യും: മോഷണവസ്തു വിൽക്കാൻ ചെല്ലുമ്പോൾ അതെവിടെനിന്നു കിട്ടി എന്ന് ആരെങ്കിലും ചോദിച്ചാൽ കളവ് പറയേണ്ടിവരില്ലേ? ഇന്നലെ രാത്രി എവിടെപ്പോയിരുന്നു എന്ന് വല്ലവരും അന്വേഷിച്ചാൽ.... അങ്ങനെ അയാൾ സത്യസന്ധനും മര്യാദക്കാരനുമായി മാറി. ഇതുതന്നെയാണ് ലാ ഇലാഹ ഇല്ലല്ലാഹ് എന്നു പറഞ്ഞാൽ സ്വർഗം കിട്ടും, നോമ്പും നമസ്കാരവും അനുഷ്ഠിച്ചാൽ സ്വർഗം കിട്ടും എന്നു തുടങ്ങിയ ഉപദേശങ്ങളുടെയും ആന്തരാർഥം.